**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** — **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിൽ നെടുമ്പാശ്ശേരിയിൽ രണ്ടടിയോളം ആഴമുള്ള കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരൻ മരിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ റോഡുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അവസ്ഥ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിന് സർക്കാർ അധികാരത്തിൽ വന്നതു മുതൽ വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. മഴക്കാലത്ത് റോഡുകൾ നിരന്തരം പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തെ തുടർന്നുണ്ടാകുന്ന കനത്ത മഴയിൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ദേശീയ പാതകളിലെയും പൊതുമരാമത്ത് റോഡുകളിലെയും കുഴികൾ മൂടി ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ദേശീയപാത അതോറിറ്റിക്ക് കീഴിലെ ദേശീയപാതയിലെ കുഴികൾ അടക്കുന്നതിന്റെ പൂർണ്ണ ചുമതല ദേശീയപാത അതോറിറ്റിക്കാണ്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആയി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ ഈ സർക്കാർ നടപ്പാക്കി തുടങ്ങി.<br><br>**<u>റണ്ണിംഗ് കോൺട്രാക്ട്</u>**<br><br>റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിപാലനം ഉറപ്പുവരുത്താനുള്ള പ്രധാന ചുവടുവെപ്പാണ്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ കരാറുകാരെ ചുമതലപ്പെടുത്തുന്നതാണ് പദ്ധതി. റോഡുകളിൽ കുഴികളും മറ്റും ഉണ്ടായാൽ അത് വേഗത്തിൽ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ട് പദ്ധതി സഹായകരമാണ്. റണ്ണിംഗ് കോൺട്രാക്ടിലൂടെ 12,332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ |

| | | | |
|---|---|---|---|
| | | | വർഷം സാധ്യമാക്കി. 301 കോടി രൂപയാണ് റണ്ണിംഗ് കോൺട്രാക്ടിനായി ചെലവഴിക്കുന്നത്<br><br>റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കി മീ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല പരിപാലന പദ്ധതിയും നടപ്പാക്കുന്നു. 12.75 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.<br><br>**ഒ പി ബി ആർ സി**<br><br>കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട പ്രധാനറോഡുകളിൽ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഒ പി ബി ആർ സി പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കി മീ റോഡുകളിലാണ് ഒ പി ബി ആർ സി നടപ്പിലാക്കുന്നത് .<br><br>**കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ**<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ ആർ എഫ് ബി - പി എം യു വിനു കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്ക് ഇത്തവണ കിഫ്ബി 50 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു.<br><br>**ടാസ്ക് ഫോഴ്സ്**<br><br>കനത്ത മഴ വരുമ്പോൾ വെള്ളം റോഡുകളിലേയ്ക്ക് ഇരച്ച് എത്തുകയും റോഡ് തകരാറിലാവുകയും ചെയ്യുമ്പോൾ താൽക്കാലികമായെങ്കിലും പരിഹാരം കാണാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ടു പോകുന്നു.<br><br>**DLP ബോർഡുകൾ**<br><br>പരിപാലനകാലാവധിയുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്താനുള്ള തീരുമാനവും റോഡുകളിലെ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. ബന്ധപ്പെട്ട കരാറുകാരുടെ നമ്പറും ഉദ്യോഗസ്ഥരുടെ നമ്പറും പരിപാലനകാലാവധിയും പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചു. സംസ്ഥാനത്ത് റണ്ണിംഗ് കോൺട്രാക്ട് പരിധിയിലെ റോഡുകളിലും സമാനമായ രീതിയിൽ ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് റോഡുകളുടെ നടപ്പുവർഷത്തെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക | (സി) | പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണി കൾക്കായുള്ള തുക ഉപയോഗിക്കുന്നതിൽ വീഴ്ച |

| | | | |
|---|---|---|---|
| | മഴക്കാലത്തിന് മുൻപ് ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | | സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) | മഴക്കാലത്തിന് മുൻപ് റോഡുകൾ അറ്റകുറ്റപ്പണി നടത്താത്തവർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട കരാറുകാരന് നോട്ടീസ് നൽകുകയും എന്നിട്ടും പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെണ്ടർ ചെയ്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ